# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **07/02/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. വി. വിജയദാസ്**<br>**,, എ. എൻ. ഷംസീർ**<br>**,, കെ. ദാസൻ**<br>**,, യു. ആർ. പ്രദീപ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കുകൾ സംസ്ഥാന വികസനത്തിനുതകുന്ന തരത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് താല്പര്യമെടുക്കാതെ ഇതര സംസ്ഥാനങ്ങളിലെ ധനമൂലധന ശക്തികളുടെയും കുത്തക വ്യവസായികളുടെയും താല്പര്യ സംരക്ഷണത്തിനുള്ള ധനസമാഹരണത്തിന് മുൻഗണന നൽകുന്ന സാഹചര്യത്തിൽ മൂന്നുകോടിയിൽപ്പരം സഹകാരികളുള്ള സഹകരണമേഖല സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുയോജ്യമായ നയപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളും പ്രവാസി സമൂഹവും തനത് നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടേയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറ ഉള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | ജനകീയത കൈമുതലായുള്ള സഹകരണ സംഘങ്ങൾ ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമത ഉയർത്താനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ചുവടെ ചേർക്കുന്ന ആധുനിക സേവനങ്ങൾ സംസ്ഥാന സഹകരണബാങ്ക് ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>1) മൊബൈൽ ബാങ്കിംഗ്</u><br>മറ്റ് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിലേക്ക് ദ്രുത ഗതിയിൽ സാമ്പത്തിക വിനിമയം നടത്തുവാനുള്ള സൗകര്യം. ഏതു സമയത്തും അക്കൗണ്ട് ബാലൻസും സ്റ്റേറ്റ്മെന്റും അറിയുവാനുള്ള സൗകര്യം. |

| | | | |
|---|---|---|---|
| | | | 2) RTGS/NEFT ഫണ്ട് ട്രാൻസ്ഫർ സൗകര്യങ്ങൾ.<br>3) ഇന്ത്യയിലുടനീളം ഉപയോഗിക്കാവുന്ന ATM സൗകര്യം.<br>4) PoS മുഖേന ഏതു വ്യാപാര സ്ഥാപനങ്ങളിലേക്കും വ്യവഹാരം നടത്തുവാൻ കഴിയും .<br>5) ഓൺലൈൻ ഷോപ്പിംഗിനുള്ള ഇ കൊമേഴ്സ് സൗകര്യം.<br>6) IMPS മുഖേന മറ്റ് ബാങ്കുകളുടെ അക്കൗണ്ടിലേക്ക് എപ്പോൾ വേണമെങ്കിലും പണം അടയ്ക്കാം.<br>7) DBT മുഖേന ഗവൺമെന്റ് സബ്സിഡികൾ ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുവാനുള്ള സൗകര്യം.<br>8) CTS/NACH മുഖേന അക്കൗണ്ടുകളിലെ വ്യവഹാരത്തിനുള്ള സൗകര്യം.<br>9) MMS വഴി അക്കൗണ്ടുകളിലേക്ക് പണം ഒടുക്കാനുള്ള സൗകര്യം.<br><br>പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | ക്രെഡിറ്റ് മേഖലയിൽ വൻകുതിപ്പുണ്ടാക്കാൻ ഉദ്ദേശിച്ചുള്ള കേരള ബാങ്ക് രൂപീകരണം അട്ടിമറിക്കാൻ നടത്തുന്ന നീക്കം അതിജീവിച്ചുകൊണ്ട് ആയത് യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ ഉല്പന്നങ്ങൾ 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**